**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** | **06-12-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേക്കായി മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും, ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ തയ്യാറാക്കിയ Request for Proposal (RFP) സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം തയ്യാറാക്കിയ RFP പ്രകാരമുള്ള ടെണ്ടർ 23.01.2021ന് ഇ-ടെണ്ടർ websiteൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആദ്യ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ RFP യിൽ ഭേദഗതി വരുത്തി പുതിയ ടെണ്ടർ വിളിച്ച് മേൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ